(സി) പാക്കേജിംഗ് സ്ഥാപനങ്ങളുൾപ്പെടെ കുപ്പിവെള്ളത്തിന്റെയും സോഡയുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ സംസ്ഥാനത്ത് മൂന്ന് സോഡയുടെ സാമ്പിളുകൾ unsafe ആയും കുപ്പിവെള്ളതിന്റെ ഒരു സാമ്പിൾ നിശ്ചിതനിലവാരമില്ലാത്തതാണെന്നും കണ്ടെത്തിയിട്ടുണ്ട്. ആയവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷനടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കുപ്പിവെള്ളത്തിന്റെയും സോഡയുടെയും വില നിർണ്ണയിക്കുന്നത് ആരോഗ്യവകുപ്പല്ല.

സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം

27 (*237) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക്. പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി. പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവല്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിനുവേണ്ടി മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാവകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിതഭക്ഷണം ആരോഗ്യത്തിനാധാരം പദ്ധതി'. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജംഗ്ഫുഡ്, ട്രാൻസ്ഫാറ്റ്, കളറുകൾ, രുചിവർദ്ധക

LIBRARY ARCHIVES Kerala Legislative Assembly

വസ്തുക്കൾചേർത്ത ഭക്ഷണപാദർത്ഥങ്ങൾ, ലഹരിവസ്തുക്കളായ ഗുഡ്കാ പാൻമസാല എന്നിവയെക്കുറിച്ചുള്ള ദൃശ്യവശങ്ങളെപ്പറ്റി ഫുഡ്സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതായു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ്സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകുന്നതാണ്. ഇതിനാവശ്യമായ ലഘുലേഖകൾ, സീഡികൾ മറ്റു പരിശീലന സാമഗ്രഹികൾ എന്നിവ ഭക്ഷ്യസുരക്ഷാവകുപ്പ് നൽകുന്നതാണ്. ഇതിനകംതന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാവകുപ്പ് പരിശീലനം നൽകി കഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവല്കരിക്കുന്നതിനുവേണ്ടി, ഉപന്യാസമത്സരങ്ങൾ, പ്രശ്നോത്തരി എന്നിവ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ്സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഈ പദ്ധതി സർക്കാരിതര സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉള്ള കുട്ടികൾക്കുവേണ്ടിയുള്ള ക്ലിനിക്കുകൾ

28 (*238) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉൾപ്പെടെയുള്ള രോഗങ്ങളുള്ള കുട്ടികൾക്കുവേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ബി) പ്രസ്തുത ക്ലിനിക്കുകളിൽകൂടി എന്തെല്ലാം സേവനങ്ങളാണ് ഇത്തരം കുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly